പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *89 30-06-2016-ന് മറുപടിയ്ക്ക്

**വനഭൂമി തട്ടിപ്പുകേസിൽ സി. ബി. ഐ അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>" കെ. സുരേഷ് കുറുപ്പ്<br>" ആന്റണി ജോൺ<br>" കെ.ഡി. പ്രസേനൻ | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തോട്ടമുടമകൾ നിയമവിരുദ്ധമായി കൈവശം വെച്ചിട്ടുള്ള നെല്ലിയാമ്പതിയിലെ വനഭൂമി തിരികെപിടിക്കാനായി സ്വീകരിയ്ക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | പാട്ടത്തിനു നൽകിയ വനഭൂമി പാട്ട വ്യവസ്ഥകൾക്ക് വിരുദ്ധമായി അനധികൃതമായി കൈമാറ്റം ചെയ്തതും, പാട്ടക്കരാർ/ വനനിയമങ്ങളുടെ ലംഘനം നടത്തിയതും, പാട്ടക്കരാർ കാലാവധി കഴിഞ്ഞതുമായ നെല്ലിയാമ്പതിയിലെ ഉൾപ്പെടെയുള്ള എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിലേയ്ക്കായി നിലവിലെ കൈവശക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അവർക്ക് എതിർ വാദങ്ങൾ ഉന്നയിക്കുന്നതിന് അവസരം നൽകി അവ പരിശോധിച്ച് തൃപ്തികരമല്ലാത്ത പക്ഷം പ്രസ്തുത എസ്റ്റേറ്റുകൾ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കോടതി ഉത്തരവുകളുടെ വിശദാംശം നൽകാമോ; | (ബി) | നെല്ലിയാമ്പതിയിൽ വനം വകുപ്പ് പാട്ടത്തിന് നൽകിയ എസ്റ്റേറ്റുകളിൽ 30 എണ്ണം തിരിച്ചെടുക്കാൻ സർക്കാർ തീരുമാനമായിട്ടുണ്ട്. ഇപ്രകാരം തിരിച്ചെടുത്ത ബിയാട്രീസ് എസ്റ്റേറ്റ് ബിറ്റ്-1 മായി ബന്ധപ്പെട്ട് WP(C) No.35832/15 നമ്പർ കേസിൽ മേൽപടി എസ്റ്റേറ്റ് തിരികെ നൽകുന്നതിന് 26-11-2015 ൽ ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി. അതിനെതിരെ ബഹു സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബിയാട്രീസ് എസ്റ്റേറ്റിലെ മറ്റൊരു ബിറ്റുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതിയിലുള്ള WA.369 & 375/15 നമ്പർ കേസുകളിലെ 10-07-2015-ലെ ഉത്തരവിനെതിരെ ബഹു സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നു. ബഹു. സുപ്രീം കോടതി 11-1-16-ലെ ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതിയുടെ മേൽ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. നെല്ലിയാമ്പതിയിലെ മീരാ ഫ്ലോറസ് എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ M/s New World |

| | | | |
|---|---|---|---|
| | | | Investment(P) Ltd ഫയൽ ചെയ്ത 18339/11-)o നമ്പർ റിട്ട് പെറ്റീഷൻ 19.11.2015 ലെ ഉത്തരവു പ്രകാരം ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുണ്ട്. നെല്ലിയാമ്പതിയിലെ തന്നെ 20 എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള ഉത്തരവുകൾ നടപ്പാക്കുന്നതിന് എതിർ ബഹു ഹൈക്കോടതി വിവിധ തീയതികളിലായി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കേസുകളിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടെങ്കിലും സ്റ്റേ ഒഴിവാക്കി കിട്ടിയിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | തോട്ടമുടകളുമായുള്ള കരാർ വ്യവസ്ഥകൾ വെളിപ്പെടുത്താമോ; വ്യവസ്ഥകളുടെ ലംഘനം നടന്നതായി കണ്ടെത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; | (സി) | നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകളിൽ ഭൂരിഭാഗവും മുൻ കൊച്ചി രാജാവ് അനിശ്ചിത കാലത്തേക്ക് കാർഷിക ആവശ്യത്തിനായി വിദേശികൾക്ക് പാട്ടത്തിന് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. മേൽപടി എസ്റ്റേറ്റുകൾ 08-05-1909-ലെ കൊച്ചി സർക്കാരിന്റെ വിജ്ഞാപന പ്രകാരം റിസർവ്വ് വനമായി സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം പാട്ടകരാർ നിലവിലുണ്ട്. നിലവിലെ കൈവശക്കാർ ടി എസ്റ്റേറ്റുകൾ കൈവശപ്പെടുത്തിയിട്ടുള്ളത് കരാറിന് വിരുദ്ധമായ അനവധി കൈമാറ്റങ്ങളിലൂടെയാണ്. കരാർ വ്യവസ്ഥയിലെ ഈ ലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് എസ്റ്റേറ്റുകൾ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. തോട്ടം ഉടമകളുമായി കൊച്ചി സർക്കാർ ഏർപ്പെട്ട കരാറുകളിലെ ചില പ്രധാന വ്യവസ്ഥകൾ താഴെ രേഖപ്പെടുത്തുന്നു.<br>1. പാട്ടഭൂമിയിലൂടെ ഒഴുകുന്ന പുഴകൾ, നീർച്ചാലുകൾ മുതലായവയിലുള്ള വെള്ളം എസ്റ്റേറ്റ് ആവശ്യങ്ങൾക്ക് വേണ്ടതിൽ അധികമായി വരുന്നതിന്റെ അവകാശവും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനും നീക്കം ചെയ്യാനുമുള്ള അവകാശവും സർക്കാരിനുള്ളതാകുന്നു.<br>2. പാട്ടകരാറിൽ ഉൾപ്പെട്ട ഭൂമിയും, ചുറ്റുപാടും പാട്ടക്കാരന് കൈവശം വയ്ക്കുന്നതിനും, അനുഭവിക്കുന്നതിനും മാത്രം അവകാശമുള്ളതാണ്.<br>3. പാട്ടഭൂമിയിലെ തേക്ക്, എബണി, കരിമരം എന്നിവ ഒഴികെയുള്ള മരങ്ങൾ പാട്ടതീയതി മുതൽ ആറ് മാസത്തിനുള്ളിൽ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം നിശ്ചിത ഫീസ് സർക്കാരിന് ഒടുക്കി പാട്ടക്കാരന് |

......(3)

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കാവുന്നതാണ്.<br>4. പാട്ടക്കാരന് തൽപര്യമില്ലാത്ത പക്ഷം പാട്ടഭൂമി മുഴുവനായോ, ഭാഗികമായോ സർക്കാരിന് തിരികെ നൽകാവുന്നതാണ്.<br>5. പാട്ടക്കാരൻ കുടിശ്ശിക വരുത്തുന്ന പക്ഷം പാട്ടക്കാരന്റെ ലഭ്യമായ വകകൾ വിറ്റ് ഈടാക്കാവുന്നതാണ്.<br>6. പാട്ടഭൂമിയിലൂടെ കടന്നുപോകുന്നതും, പാട്ടക്കാലാവധിക്കു മുമ്പായി നിലവിലുള്ളതുമായ വഴികൾ ഉപയോഗിക്കാവുന്നതാണ്.<br>7. പാട്ടഭൂമിയുടെ എല്ലാ കൈമാറ്റങ്ങളും 4 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>8. പാട്ടക്കാരന്റെ കൃഷി ചെയ്ത ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ പാട്ടക്കാരന് കൃഷിക്കും നിർമ്മിതികൾക്കും നഷ്ടപരിഹാരം നൽകുന്നതാണ്. |
| (ഡി) | വനഭൂമി തട്ടിപ്പുകേസിൽ മുൻ വനം വകുപ്പുമന്ത്രി സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിരുന്നോ; സി.ബി.ഐ അന്വേഷണം നടത്താൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നെല്ലിയാമ്പതിയിലെ പാട്ടഭൂമി വിവിധ ബാങ്കുകളിൽപണയപ്പെടുത്തി ലോൺ എടുത്തതു മായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച പാടഗിരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കേസുകൾ മുൻ വനം വകുപ്പ് മന്ത്രിയുടെ ശിപാർശ പ്രകാരം സി.ബി.ഐ അന്വേഷിച്ചിരുന്നു. ഇതിന്റെ റിപ്പോർട്ട് സി.ബി.ഐ ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുതായി സി.ബി.ഐ അന്വേഷണം നടത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നയപരമായ തീരുമാനം ആവശ്യമാണ്. |

Ajithakumari

സെക്ഷൻ ഓഫീസർ

അനുബന്ധം -I

കേസുകളുടെ വിവരം

| ക്രമ നം. | എസ്റ്റേറ്റുകളുടെ പേര് | വിസ്തീർണം (ഏക്കർ) | ഏറ്റെടുത്ത സർക്കാർ ഉത്തരവ് | കേസ് നമ്പർ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|
| 1 | ബിയാട്രീസ് | 246.26 | ജി.ഒ(എം.എസ്) 52/04/വനം തീയതി 26.11.2004 | WP(C) No. 1207/05 | സർക്കാർ ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്. |
| 2 | ബിയാട്രീസ്(നോർത്തേൺ ബ്ലോക്ക്) | 33.68 | ജി.ഒ(എം.എസ്) 92/15/വനം തീയതി 19.11.2015 | WP(C) No. 35832/15 | സർക്കാർ ബഹു. സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്. |
| 3 | ഷെർനെല്ലി (ലോവർ) | 278.08 | ജി.ഒ(എം.എസ്) 64/12/വനം തീയതി 08.06.2012 | WP(C) No. 15128/12<br>WP(C) No.16134/12<br>WP(C) No.16178/12<br>WP(C) No.16579/12<br>WP(C) No.16716/12 | ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. സ്റ്റേ നീക്കി കിട്ടുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| 4 | രാജാക്കാട് | 288.85 | ജി.ഒ(എം.എസ്) 23/12/വനം തീയതി 28.3.2012 | WP(C) No.8904/12<br>WP(C) No.9013/12<br>WP(C) No.10248/12<br>WP(C) No.10120/12<br>WP(C) No.10122/12<br>WP(C) No.10127/12 | ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. സ്റ്റേ നീക്കി കിട്ടുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| 5 | മോങ്ക് വുഡ് | 232.82 | | | |
| 6 | കാരപ്പാറ എ | 541.29 | ജി.ഒ(എം.എസ്) 83/13/വനം തീയതി 30.8.2013 | WP(C) No.23984/13<br>WP(C) No.23958/13 | ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. സ്റ്റേ നീക്കി കിട്ടുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| 7 | കാരപ്പാറ ബി | 577.2 | | | |
| 8 to 15 | അലക്സാണ്ട്രിയ എ | 250 | ജി.ഒ(എം.എസ്) 63/14/വനം തീയതി 31.7.2014 | WP(C) No.23386/14<br>WP(C) No.22988/14<br>WP(C) No.23007/14<br>WP(C) No.23643/14<br>WP(C) No.22920/14 | ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. സ്റ്റേ നീക്കി കിട്ടുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |
| 16-21 | അലക്സാണ്ട്രിയ ബി | 251.75 | | | |
| 22 | ബ്രൂക്ക് ലാന്റ് | 250 | | | |

Adithyal

സെക്ഷൻ ഓഫീസർ